ഉത്തരം

(എ) കായംകുളം ഗവൺമെന്റ് ആയുർവേദ ആശുപത്രി 22.4.1999-ൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ ആലപ്പുഴ ജില്ലാ മെഡിക്കൽ ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മേൽ നടപടി സ്വീകരിക്കുന്നതാണ്.

ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി

101 (150) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ആറൻമുള നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ)-(സി) നടപ്പ് സാമ്പത്തിക വർഷം എവിടെയൊക്കെ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

മരുന്നുകളുടെ ഗുണനിലവാരം

102 (151) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിതരണം ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരം ഉറപ്പുവരുത്തി ഔഷധ വിതരണം നടത്തുന്നതിൽ വീഴ്ച സംഭവിച്ചത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വിൽക്കപ്പെടുകയും വിതരണം ചെയ്യപ്പെടുകയും ചെയ്യുന്ന ഔഷധങ്ങൾ ഗുണനിലവാരമുള്ളവയായിരിക്കുവാൻ വേണ്ട എന്തെങ്കിലും പുതിയ നടപടിക്രമം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly